പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3758 23.08.2017 ൽ മറുപടിയ്ക്ക്

## കായികവികസനത്തിന് സ്പോർട്ട്സ് കിറ്റ്

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കീഴിലുള്ള സ്കൂളുകൾക്കും കായികവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകൾക്കും മാത്രമേ കായിക ഉപകരണങ്ങൾ ഉൾപ്പെട്ട സ്പോർട്ട്സ് കിറ്റ് ലഭിക്കുന്നുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സംസ്ഥാനത്തെ ഇതര പൊതുവിദ്യാലയങ്ങളിൽ കായികരംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വിദ്യാർത്ഥികളിൽ കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനുമുള്ള കായികവകുപ്പിന്റെ പ്രവർത്തനം എന്തൊക്കെയാണ്; ഇത്തരം സ്കൂളുകളിൽ ഈ വകുപ്പ് കായികവികസനത്തിന് മതിയായ പരിഗണന നൽകുന്നില്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) & സി) | കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിയ്ക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ വിദ്യാർത്ഥികളിൽ കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിയ്ക്കുന്നതിന് വിദ്യാഭ്യാസ, തദ്ദേശ സ്വയംഭരണ ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടു കൂടി കേരള കായിക ക്ഷമതാ മിഷൻ ആരംഭിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ കായികവകുപ്പിന് നടപ്പിലാക്കാൻ കഴിയുന്ന എന്തെങ്കിലും പദ്ധതിയുടെ നിർദ്ദേശം വിദ്യാഭ്യാസവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ കായികരംഗത്തെക്കൂടി അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച്, ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ